**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3928** **09-10-2025 - ൽ മറുപടിയ്ക്ക്**

**യുവജനകാര്യവകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽരഹിതരായ യുവജനങ്ങളെ സഹായിക്കുന്നതിനായി യുവജനകാര്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | **തൊഴിൽരഹിതരായ യുവജനങ്ങളെ മത്സര പരീക്ഷകളിൽ സജ്ജരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.**<br><br>**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ് (കെ.എ.എസ്) സൗജന്യ പരീക്ഷാ പരിശീലനം (The Window)**<br><br>**കെ.എ.എസ് പരീക്ഷാ പരിശീലന പരിപാടി മുഖേന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 30 കോളേജുകളിലെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 62 കോളേജുകളിലെയും വെർച്വൽ ക്ലാസ്സ് റൂമുകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ അയ്യായിരത്തോളം യുവജനങ്ങൾക്ക് പരിശീലനം നൽകി. പ്രസ്തുത പരിപാടിയുടെ ഭാഗമായി The Window എന്ന പേരിൽ യൂട്യൂബ് ചാനൽ ആരംഭിച്ച് ഇതുവഴിയും പതിനാറായിരത്തോളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി.**<br><br>**പി.എസ്.സി പരീക്ഷാ പരിശീലനം**<br><br>**പി.എസ്.സി പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന യുവജനങ്ങൾക്കുവേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പി.എസ്.സി യുടെ സിലബസ് പ്രകാരം ഓരോ വിഷയത്തിലും പ്രാവീണ്യം നേടിയ അധ്യാപകർ ക്ലാസ്സുകൾ എടുക്കുകയും അവ ബോർഡിന്റെ തന്നെ യൂട്യൂബ് ചാനലായ The Window വഴി സംപ്രേഷണം ചെയ്യുകയും ചെയ്തു. എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയായുള്ള തസ്തികകൾക്ക് വേണ്ടി പി.എസ്.സി നടത്തിയ പ്രാഥമിക പരീക്ഷയുടെ മുന്നോടിയായി ടി പരിശീലനം സംഘടിപ്പിച്ചു.** |

| | | | |
|---|---|---|---|
| | | | **കേരള സംസ്ഥാന യുവജന കമ്മീഷൻ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും കണ്ടെത്തുന്നതിനായി മുൻ വർഷങ്ങളിൽ വിവിധ ജില്ലകളിൽ ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചിരുന്നു. വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അഥവാ ജോബ് ഫെസ്റ്റുകൾ എന്ന പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്.** |
| (ബി) | മത്സരപരീക്ഷകൾ നേരിടുന്നതിനുവേണ്ടി യുവജനങ്ങളെ പ്രാപ്തമാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | **തൊഴിൽരഹിതരായ യുവജനങ്ങളെ മത്സര പരീക്ഷകളിൽ സജ്ജരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.**<br><br><u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ് (കെ.എ.എസ്) സൗജന്യ പരീക്ഷാ പരിശീലനം (The Window)</u><br><br>**കെ.എ.എസ് പരീക്ഷാ പരിശീലന പരിപാടി മുഖേന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 30 കോളേജുകളിലെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 62 കോളേജുകളിലെയും വെർച്ചൽ ക്ലാസ്സ് റൂമുകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ അയ്യായിരത്തോളം യുവജനങ്ങൾക്ക് പരിശീലനം നൽകി. പ്രസ്തുത പരിപാടിയുടെ ഭാഗമായി The Window എന്ന പേരിൽ യൂട്യൂബ് ചാനൽ ആരംഭിച്ച് ഇതുവഴിയും പതിനാറായിരത്തോളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി.**<br><br><u>പി.എസ്.സി പരീക്ഷാ പരിശീലനം</u><br><br>**പി.എസ്.സി പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന യുവജനങ്ങൾക്കുവേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പി.എസ്.സി യുടെ സിലബസ് പ്രകാരം ഓരോ വിഷയത്തിലും പ്രാവീണ്യം നേടിയ അധ്യാപകർ ക്ലാസ്സുകൾ എടുക്കുകയും അവ ബോർഡിന്റെ തന്നെ യൂട്യൂബ് ചാനലായ The Window വഴി സംപ്രേഷണം ചെയ്യുകയും ചെയ്തു. എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയായുള്ള തസ്തികകൾക്ക് വേണ്ടി പി.എസ്.സി നടത്തിയ പ്രാഥമിക പരീക്ഷയുടെ മുന്നോടിയായി ടി പരിശീലനം സംഘടിപ്പിച്ചു.**<br><br>**കേരള സംസ്ഥാന യുവജന കമ്മീഷൻ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും കണ്ടെത്തുന്നതിനായി മുൻ വർഷങ്ങളിൽ വിവിധ** |

| | | | |
|---|---|---|---|
| | | | **ജില്ലകളിൽ ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചിരുന്നു. വെർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അഥവാ ജോബ് ഫെസ്റ്റുകൾ എന്ന പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ